അഴിമതിയും സാമ്പത്തിക തിരിമറിയും നടത്തുന്നതിനുള്ള പഴുതുകൾ അടയ്ക്കുന്നതിന് സർക്കാർ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) സംസ്ഥാനത്തെ സബ് രജിസ്ട്രാറാഫീസുകളെ നാലുമേഖലകളാക്കി തിരിച്ച് അതിന്റെ ചുമതലയുള്ള ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽമാർ പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികളിൽ അന്വേഷണം നടത്തുകയും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. രജിസ്ട്രേഷൻ വകുപ്പിലെ ജോയിന്റ് ഇൻസ്പെക്ടർ ജനറലിനെ വകുപ്പിലെ വിജിലൻസ് ഓഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ സ്ഥായിയായതും ഗൗരവവുമായ പരാതികൾ സംസ്ഥാന വിജിലൻസ് ആന്റ് ആന്റികറപ്ഷൻ വകുപ്പിനെക്കൊണ്ട് അന്വേഷിപ്പിച്ച് നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) ഇങ്ങനെ ഒരു സംവിധാനം ഇപ്പോൾ നിലവിൽ ഇല്ല.

(സി) ആധാരമെഴുത്തുകാരെക്കുറിച്ച് ലഭിക്കുന്ന പരാതികൾ സംബന്ധിച്ച് ലൈസൻസിംഗ് രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ അന്വേഷണം നടത്തി ലൈസൻസിംഗ് ചട്ടങ്ങൾക്കു വിധേയമായി നടപടി സ്വീകരിക്കുന്നുണ്ട്. സബ് രജിസ്ട്രാറാഫീസുകളിൽ നിന്നും തയ്യാറാക്കുന്ന സർട്ടിഫിക്കറ്റുകളും മറ്റും യഥാസമയം നൽകുന്നതിന് ഓരോ ദിവസവും തയ്യാറാക്കുന്നവയുടെ ലിസ്റ്റ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കണമെന്ന് സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഭൂമിയുടെ ന്യായവില നിശ്ചയിക്കുന്നതിന് സർക്കാർ ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കുകയും സമിതി അതിന്റെ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ട് നടപ്പാക്കുന്നതിനുള്ള നടപടികൾ സർക്കാർ എടുത്തുവരുന്നു. ന്യായവില നിർണ്ണയം തീരുമാനമാക്കാൻ അഴിമതിക്ക് ഇടവരുത്തുന്ന സാഹചര്യങ്ങൾ ഒട്ടൊക്കെ ഇല്ലാതാകുന്നതാണ്.

12 (*427) വൈദ്യുതി ബോർഡിൽ ലാഭകേന്ദ്രങ്ങൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച കർമ്മ സമിതികൾ

ശ്രീ. കെ.പി. വിശ്വനാഥൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിൽ ലാഭകേന്ദ്രങ്ങൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച കർമ്മ സമിതികൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ലാഭകേന്ദ്രത്തിന്റെ പ്രവർത്തനത്തിൽ ഈ കർമ്മസമിതികൾക്കുള്ള ഉത്തരവാദിത്വങ്ങളും കർത്തവ്യങ്ങളും എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(സി) കർമ്മസമിതികൾ രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവിൽ എന്തെങ്കിലും വിദേശ കമ്പനി പ്രതിനിധികളെ ഉൾപ്പെടുത്തുമെന്നു പറഞ്ഞിട്ടുണ്ടോ;

(ഡി) വമ്പിച്ച ഉത്തരവാദിത്വങ്ങളും കർത്തവ്യങ്ങളും നിറവേറ്റാനുള്ള കർമ്മസമിതിയിൽ എസ്.എൻ.സി. ലാവ്‌ലിൻ എന്ന വിദേശ കമ്പനി പ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതടിസ്ഥാനത്തിലെന്ന് വ്യക്തമാക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഉണ്ട്.

(ബി) ഓരോ ലാഭകേന്ദ്രത്തിന്റെയും ഘടന, അധികാരങ്ങൾ, പ്രവർത്തനരീതി, ലാഭകേന്ദ്രത്തിൽ വരുത്തേണ്ട പരിഷ്ക്കാരങ്ങൾ എന്നിവ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുകയാണ് കർമ്മസമിതികളുടെ ഉത്തരവാദിത്വങ്ങളും കർത്തവ്യങ്ങളും.

(സി) ഇല്ല.

(ഡി) ഉൾപ്പെടുത്തിയിട്ടില്ല.

13 (*428) ക്രെഡിറ്റ് സഹകരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന സെൽഫ് ഹെൽപ്പ് ഗ്രൂപ്പു പദ്ധതി

ശ്രീ. ടി.കെ. നൗഷാദ് :

ശ്രീ. പി.കെ. കുമാരൻ :

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്രെഡിറ്റ് സഹകരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന സെൽഫ് ഹെൽപ്പ് ഗ്രൂപ്പു പദ്ധതിയുടെ പ്രവർത്തനം സർക്കാർ പരിശോധിച്ചുവോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ എന്തെങ്കിലും മാറ്റം വരുത്താൻ സർക്കാരിന് ഉദ്ദേശമുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് ഈ പദ്ധതി ഇപ്പോൾ എതൊക്കെ ജില്ലകളിൽ നടപ്പാക്കിവരുന്നു എന്ന് വെളിപ്പെടുത്തുമോ;

(ഡി) പദ്ധതി മറ്റു ജില്ലകളിലേക്കും വ്യാപിപ്പിക്കാൻ ഉദ്ദേശമുണ്ടോ;

(ഇ) എങ്കിൽ ഏതെല്ലാം ജില്ലകളിലേക്കാണ് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(എഫ്) സെൽഫ് ഹെൽപ്പ് ഗ്രൂപ്പ് പദ്ധതിയുടെ നടത്തിപ്പിനായി നബാർഡിന്റെ സാമ്പത്തിക സഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ എന്ന് വെളിപ്പെടുത്തുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) പരിശോധിക്കുന്നുണ്ട്.

(ബി) ഗ്രൂപ്പിന്റെ അംഗങ്ങളുടെ എണ്ണം 50-ൽ നിന്ന് 20-25 ൽ അധികരിക്കാത്ത തരത്തിലാക്കുന്നകാര്യം പരിഗണനയിലുണ്ട്.

9.5% പലിശ ഈടാക്കുന്നതിൽ 5% പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുന്നതിനുപുറമെ ബാക്കി 4.5% ത്തിനു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായം കൂടി ലഭ്യമാക്കി ഫലത്തിൽ വായ്പ പലിശരഹിതമാക്കുവാൻ നടപടി എടുത്തുവരുന്നു.

(സി) ഈ പദ്ധതി ഇപ്പോൾ കണ്ണൂർ, പാലക്കാട്, എറണാകുളം എന്നീ ജില്ലകളിൽ നടപ്പിലാക്കി വരുന്നു;

(ഡി) ഉണ്ട്.

(ഇ) സംസ്ഥാനത്തൊട്ടാകെ

(എഫ്)ഈ പദ്ധതിക്ക് നബാർഡിന്റെ സാമ്പത്തിക സഹായം ലഭിക്കുന്നില്ല.

14 (*429) ഹയർ സെക്കണ്ടറി മേഖലയ്ക്ക് നിയമാവലി

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly